കെ.എസ്.ആർ.ടി.സി./കെ.യു.ആർ.ടി.സി.-അക്കൗണ്ടുകൾ

378 (356) ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി./ കെ.യു.ആർ.ടി.സി. ഏതൊക്കെ ബാങ്കുകൾ/ മറ്റു സ്ഥാപനങ്ങൾ എന്നിവയിൽ അക്കൗണ്ട് നിലനിർത്തുന്നുണ്ട്;

(ബി) ഇതിൽ അല്ലാതെ ഏതെല്ലാം സ്വകാര്യ ബാങ്കുകളിലോ, പണമിടപാട് സ്ഥാപനങ്ങളിലോ അക്കൗണ്ട് തുറക്കുന്നതിന് കെ.എസ്.ആർ.ടി.സി/ കെ.യു.ആർ.ടി.സി എന്നിവയ്ക്ക് ഉദ്ദേശമുണ്ടോ; എങ്കിൽ, അത് സംബന്ധമായ പൂർണ്ണവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, യൂണിയൻ ബാങ്ക്, ആന്ധ്രാ ബാങ്ക്, ലക്ഷ്മിവിലാസ് ബാങ്ക്, വിജയാ ബാങ്ക്, കേരളാ ഗ്രാമീൺ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഹൈദ്രാബാദ്, കാനറാ ബാങ്ക്, പാലക്കാട്, എറണാകുളം ജില്ലാ സഹകരണ ബാങ്ക്, ആക്സിസ് ബാങ്ക്, ഇൻഡസ് ഇൻഡ് ബാങ്ക്, ഐ.സി.ഐ.സി.ഐ. ബാങ്ക്, ധനലക്ഷ്മി ബാങ്ക്, കോർപ്പറേഷൻ ബാങ്ക്, എച്ച്.ഡി.എഫ്.സി. ബാങ്ക് എന്നീ ബാങ്കുകളിൽ KSRTC-യ്ക്ക് അക്കൗണ്ട് ഉണ്ട്. KURTC-യ്ക്ക് ഇൻഡ്യൻ ബാങ്കിലാണ് അക്കൗണ്ട് ഉള്ളത്.

(ബി) നിലവിൽ ഉദ്ദേശിക്കുന്നില്ല.

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഡി.എ. കുടിശ്ശിക

379 (357) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളത്തോടൊപ്പം ഇപ്പോൾ എത്ര ശതമാനം ഡി.എ.-യാണ് നൽകുന്നത് ;

(ബി) സർക്കാർ ജീവനക്കാരുടെ തോതിൽ ഡി.എ. നൽകാൻ കുടിശ്ശിക എത്രയാണുള്ളതെന്ന് അറിയിക്കാമോ; എന്നത്തേയ്ക്ക് പൂർണ്ണമായി കുടിശ്ശിക തീർത്ത് ഡി.എ. നൽകാൻ കഴിയുമെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് 53% ഡി.എ.-യാണ് അനുവദിച്ചിട്ടുള്ളത്.

(ബി) സർക്കാർ ജീവനക്കാരുമായി തുലനം ചെയ്യുമ്പോൾ കെ.എസ്.ആർ. ടി.സി.-യിൽ ഡി.എ. കുടിശ്ശിക 39% ആണ്.

അംഗീകൃത തൊഴിലാളി സംഘടനകളുമായി 14-1-2016-ന് ചേർന്ന ചർച്ചാ യോഗത്തിൽ നിലവിലുള്ള 39% ഡി.എ. കുടിശ്ശികയിൽ ആദ്യ ഗഡുവായ 10% ഫെബ്രുവരി മാസത്തെ ശമ്പളത്തിലും പെൻഷനിലും അടുത്ത ഗഡുവായ 10% ഏപ്രിൽ മാസത്തെ ശമ്പളത്തിലും പെൻഷനിലും നൽകുമെന്ന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഏതെങ്കിലും കാരണവശാൽ 2016 ജൂലൈയ്ക്ക് മുൻപായി കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പുതിയ ശമ്പളപരിഷ്കരണം പ്രാബല്യത്തിൽ വരുന്നില്ലായെങ്കിൽ അടുത്ത ഗഡുക്കളായ 7% ജൂലൈ മാസത്തെ ശമ്പളത്തിലും 6% ഒക്ടോബർ മാസത്തെ ശമ്പളത്തിലും അവസാന ഗഡുവായ 6% ഡിസംബർ മാസത്തെ ശമ്പളത്തിലും അനുവദിക്കുമെന്നും ഇതിനിടയിൽ ശമ്പള പരിഷ്കരണം നടപ്പാക്കുകയാണെങ്കിൽ ടി ഡി.എ.-കൾ സർക്കാരിലേയ്ക്കുപോലെ അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിക്കുകയോ പുതിയ സ്കെയിലിൽ അനുവദിക്കുകയോ ചെയ്യുമെന്നും ടി കാലയളവിൽ സർക്കാർ ജീവനക്കാർക്ക് പുതുതായി പ്രഖ്യാപിക്കുന്ന ഡി.എ. അനുവദിക്കുന്ന കാര്യം അപ്പോൾ ചർച്ച ചെയ്യാമെന്നും തീരുമാനമെടുത്തിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജ്

380 (358) ശ്രീ. വി. ടി. ബൽറാം:
ശ്രീ. പി. എ. മാധവൻ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഇതു നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നു വിശദമാക്കുമോ?